പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2618

14/12/2015 -ൽ
മറുപടിയ്ക്കു്

## ശബരിമലയിലെ ഭൂമി കൈമാറ്റം

ചോദ്യം

ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. രാജു എബ്രഹാം
ശ്രീ. സി.കെ. സദാശിവൻ
ശ്രീ. സാജു പോൾ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| എ) ശബരിമലയിൽ ദേവസ്വം ബോർഡിന്റെ കൈവശമുള്ള ഭൂമി അന്യസംസ്ഥാനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ; പ്രസ്തുത കൈമാറ്റത്തിന്റെ നിയമ പ്രാബല്യത്തെക്കുറിച്ചും ഇത് ഭാവിയിൽ ഉണ്ടാക്കാനിടയുള്ള പ്രശ്നങ്ങളെക്കുറിച്ചും പഠിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന അന്യ സംസ്ഥാന തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിശ്രമ കേന്ദ്രങ്ങൾ പണികഴിപ്പിക്കുന്നതിന് നിലയ്ക്കലിൽ സ്ഥലം നൽകുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. തെലങ്കാന സർക്കാരുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒപ്പിടുന്ന ധാരണാ പത്രത്തിലെ പ്രധാന വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു. ഇതു സംബന്ധമായി ഭാവിയിൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ധാരണാ പത്രത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| ബി) സർക്കാരും ദേവസ്വം ബോർഡും തീർത്ഥാടകർക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | ബി) ഇല്ല. |
| സി) പ്രസ്തുത ഭൂമി ദേവസ്വം ബോർഡ് വില നൽകി വാങ്ങിയതാണോ; | സി) സ്ഥലത്തിന്റെ നെറ്റ് പ്രസന്റ് വാല്യൂവും പകരം വനവൽക്കരണത്തിനുള്ള തുകയും ദേവസ്വം ബോർഡ് നൽകി. പകരം വനവൽക്കരണത്തിനുള്ള സ്ഥലം ഇടുക്കിയിലെ കമ്പക്കല്ലിൽ സർക്കാർ നൽകി. |
| ഡി) ഭൂമി കൈമാറ്റം ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിന് വിഘാതമാകുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ? | ഡി) ശബരിമല മാസ്റ്റർ അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ പാടുള്ളൂ എന്ന വ്യവസ്ഥയിൽ മാത്രമേ നടപടികൾ സ്വീകരിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ പെരുനാട് വില്ലേജിൽ ഉൾപ്പെട്ട നിലയ്ക്കലിൽ തെലങ്കാന ഭവൻ നിർമ്മിക്കുന്നതിനായി 2.5 ഏക്കർ ഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡ് തെലങ്കാന സർക്കാരിന് അനുവദിക്കും.

2. പ്രസ്തുത ഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡ് ശരിയായ രസീതു കൈപ്പറ്റി തെലങ്കാന സർക്കാരിനോ അതിൻെറ പ്രതിനിധിക്കോ കൈമാറുന്നതാണ്.

3. ഈ ധാരണാപത്രത്തിലെ അതേ വ്യവസ്ഥകൾ പ്രകാരം തന്നെ കേരളത്തിൽ നിന്നുള്ള തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനായി തെലങ്കാന സർക്കാർ നിലയ്ക്കലിൽ തങ്ങൾക്ക് ലഭിക്കുന്ന ഭൂമിയുടെ അതേ അളവ് ഭൂമി ഭദ്രാചലത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിക്കുന്നതാണ്.

4. നിർദ്ദിഷ്ട നിർമ്മാണത്തിൻെറ പ്ലാൻ, ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിനുള്ള ഉന്നതാധികാര സമിതിക്കും മുമ്പാകെ തെലുങ്കാന സർക്കാർ സമർപ്പിക്കുന്നതാണ്.

5. ആവശ്യമായ ജല, വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കുന്നതിനും മറ്റ് ഡ്രെയിനേജ് സൗകര്യങ്ങൾ ഒരുക്കുന്നതിനും തെലുങ്കാന സർക്കാരിനെ തിരുവിതാംകൂർ ദേവസ്വം ബോർഡ് സഹായിക്കുന്നതാണ്.

6. തെലുങ്കാന സംസ്ഥാനത്തുനിന്നുള്ള തീർത്ഥാടകർക്കും തെലുങ്കാന സർക്കാർ അനുവദിക്കുന്ന മറ്റു വ്യക്തികൾക്കും വേണ്ടി തെലുങ്കാന സർക്കാർ പ്രസ്തുത മന്ദിരം നിർമ്മിക്കുന്നതായിരിക്കും.

7. പ്രസ്തുത മന്ദിരത്തിൽ ലഭ്യതക്കനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന് ആകെ മുറികളുടെ 10% ത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.

8. കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾക്കും സാങ്കേതികവും അല്ലാത്തതുമായ ജീവനക്കാർക്ക് ശംബളം നൽകുന്നതിനുമായി ടി മന്ദിരത്തിൽ താമസത്തിനും മറ്റു സൗകര്യങ്ങൾക്കും കാലാകാലങ്ങളിൽ ഭരണ സമിതിയുടെ അനുമതിയോടെ തെലുങ്കാന സർക്കാർ പ്രത്യേക നിരക്കുകൾ ഈടാക്കുന്നതാണ്. തീർത്ഥാടകർക്ക് താമസ സൗകര്യം ഒരുക്കുന്നതിനും അവർക്ക് ആഹാരം, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനും തെലുങ്കാന സർക്കാരിന് പ്രത്യേകം മുറികൾ നിർമ്മിക്കാവുന്നതാണ. സൗകര്യങ്ങൾ ഒരുക്കുന്നതിന് ഈടാക്കുന്ന തുക തെലങ്കാന സർക്കാരിന് അവകാശപ്പെട്ടതായിരിക്കും.

9. ഭൂമിയുടെ ഉടമസ്ഥാവകാശം തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ കൈവശമായിരിക്കും.

10. കെട്ടിടമോ അനുബന്ധ ഭാഗങ്ങളോ ഏതെങ്കിലും തരത്തിലുള്ള വ്യാപാര വാണിജ്യാവശ്യങ്ങൾക്കായോ തീർത്ഥാടനത്തെ പ്രതികൂലമായി ബാധിക്കുന്ന ആവശ്യങ്ങൾക്കായോ ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു.

11. താഴെ പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഭരണ സമിതി ഉണ്ടായിരിക്കുന്നതാണ്.
   1) ഗവൺമെൻറ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പ്, തെലുങ്കാന സർക്കാർ.
   2) കമ്മീഷണർ, ഹിന്ദു റിലീജിയസ് ആൻറ് ചാരിറ്റബിൾ എൻഡോമെൻറ്, തെലുങ്കാന
   3) ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തെലുങ്കാന സർക്കാർ.
   4) ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
   5) ചീഫ് എഞ്ചിനീയർ (ജനറൽ), തിരുവിതാംകൂർ ദേവസ്വം ബോർഡ്.
   6) എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല.

12. ഗവൺമെൻറ് സെക്രട്ടറി, തെലങ്കാന സർക്കാർ ഭരണസമിതി ചെയർമാനും, തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ കോ–ചെയർമാനും ആയിരിക്കും. തെലങ്കാന സർക്കാരിലെ ഹിന്ദു റിലീജിയസ് ആൻറ് ചാരിറ്റബിൾ എൻഡോമെൻറ് കമ്മീഷണർ ഭരണ സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്. ഭരണ സമിതി വർഷത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. യോഗം ചേരുന്നതിനാവശ്യമായ ക്വാറം നാല് ആയിരിക്കും.

13. യോഗം ചേരുന്നതിനും തെലുങ്കാന ഭവൻെറ നടത്തിപ്പിനും ആവശ്യമായ നിയമാവലികളും ചട്ടങ്ങളും നിർമ്മിക്കുന്നതിനുള്ള ചുമതല ഭരണ സമിതിക്കായിരിക്കും.

14. ആവശ്യമായ അറ്റകുറ്റപ്പണികളും മറ്റും തെലങ്കാന സർക്കാർ ഏറ്റെടുത്തു നടത്തുന്നതായിരിക്കും.

15. കെട്ടിടത്തിൻെറ നടത്തിപ്പും മറ്റാവശ്യങ്ങളും വർഷം മുഴുവൻ ഭരണ സമിതി നോക്കി നടത്തുന്നതായിരിക്കും.

16. ഭരണ സമിതി തീരുമാനങ്ങളനുസരിച്ച് കെട്ടിടത്തിൻെറ നടത്തിപ്പ് തെലങ്കാന സർക്കാർ നിർവ്വഹിക്കുന്നതായിരിക്കും.

17. ധാരണാപത്രത്തിന് 30 വർഷത്തെ കാലാവധി ഉണ്ടായിരിക്കുന്നതാണ്. ഉഭയകക്ഷി സമ്മതപ്രകാരം ആയത് ദീർഘിപ്പിക്കാവുന്നതാണ്.

18. ഒരു സാഹചര്യത്തിലും ധാരണാപത്രം കൈമാറ്റം ചെയ്യുന്നതിന് ഒരു കക്ഷിക്കും അവകാശം ഉണ്ടായിരിക്കുന്നതല്ല.

സെക്ഷൻ ഓഫീസർ